(ബി) തുക വകയിരുത്തിയിട്ടില്ല.

(സി) ഏകദേശം 60 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നു.

നെന്മാറ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

232 (3983) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുമ്പായി പദ്ധതി ചെലവിന്റെ 25 ശതമാനം മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിക്കാണ് കത്ത് നൽകിയതെന്നും ഇത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) കൊല്ലങ്കോട് പട്ടണത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ പ്രകാരം 1300 ലക്ഷം രൂപയുടെ അനുമതിയും 30-9-2014-ലെ സ.ഉ.(സാധാ) നമ്പർ 4768/2014/റവന്യൂ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷന് മുൻപായി പദ്ധതി ചെലവിന്റെ 25% തുക മുൻകൂറായി കെട്ടിവയ്ക്കേണ്ടതാണെന്ന് കാണിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർ 24-11-2014-ന് കത്ത് നല്കിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 25 ശതമാനമായ 2,64,30,000 രൂപ അനുവദിക്കുന്നതിനുള്ള എൽ.സി. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്ഥലമെടുപ്പ് നടപടി പൂർത്തിയാക്കിയതിന് ശേഷം ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly